# നെസ്റ്റ്ലേ സെറിലാക്കിൽ GMO അടങ്ങിയതായി റിപ്പോർട്ട്

മീഡിയമേറ്റ് ന്യൂസ് സർവ്വീസ്

മൾട്ടി നാഷണൽ കമ്പനികളായ നെസ്റ്റ്ലേ, പ്രോക്ടർ ആന്റ് ഗാംബിൾ എന്നിവയുടെ ബേബി ഫുഡുകളിൽ GMO അടങ്ങിയിട്ടുള്ളതായി റിപ്പോർട്ട്. ഗ്രീൻപീസ് എന്ന പരിസ്ഥിതി സംഘടന തായ്‌ലണ്ടിൽ നടത്തിയ പരിശോധനയിലാണ് ഇതു കണ്ടെത്തിയിട്ടുള്ളത്.

GMO ബേബി ഫുഡുകളിൽ ഉപയോഗിക്കരുതെന്ന് കർശനമായ നിഷ്കർഷയുണ്ട്.

തായ്‌ലണ്ടിലെ വിവിധ ബ്രാന്റ് നെയിമുകളിലുള്ള ബേബിഫുഡുകൾ പരിശോധിച്ചതിൽനിന്നും നെസ്റ്റ്ലേ, ജെർബർ, നിഡിൻ, പ്രോക്ടർ ആന്റ് ഗാംബിൾ എന്നിവയെ തങ്ങളുടെ ബ്ലാക്ക് ലിസ്റ്റിലാണ് ഗ്രീൻ പീസ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഇതേ കമ്പനികളുടെ യൂറോപ്പിൽ വിതരണം ചെയ്യുന്ന ബേബിഫുഡുകളിൽ GMO അടങ്ങിയിട്ടില്ല. തായ്‌ലണ്ട് പോലുള്ള രാജ്യങ്ങളിലെ ജനതയെ ഗിനിപന്നികളായി കണക്കാക്കുന്ന സമീപനമാണ് ഇത് എന്ന ഗ്രീൻ പീസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. യൂറോപ്യൻ കമ്പനികളുടെ ഈ നീക്കത്തിനെതിരെ ലോകരാഷ്ട്രങ്ങൾ ജാഗ്രത പുലർത്തണമെന്നും അവർ ഓർമ്മിപ്പിക്കുന്നു.

തങ്ങളുടെ പരിശോധനയെത്തുടർന്ന് ഗ്രീൻ ലിസ്റ്റ്, ബ്ലാക്ക് ലിസ്റ്റ്, ഗ്രേ ലിസ്റ്റ് എന്നിങ്ങനെ തരം തിരിച്ചാണ് ഉല്പന്നങ്ങളുടെ പട്ടിക ഗ്രീൻ പീസ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.